**പതിമൂന്നാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2319 — 01.04.2013-ൽ മറുപടിയ്ക്ക്

**മാൻചെള്ള് രോഗം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ മാൻചെള്ള് രോഗം സ്ഥിരീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. വയനാട് ജില്ലയിൽ നൂൽപ്പുഴ പഞ്ചായത്തിലെ ചെട്ടിയാലത്തൂർ, നമ്പ്യാർകുന്ന് എന്നീ സ്ഥലങ്ങളിൽ ഫോറസ്റ്റിനോട് ചേർന്ന പ്രദേശങ്ങളിൽ 2013 ഫെബ്രുവരി മാസം എട്ട് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) മാൻചെള്ള് രോഗത്തെ തുടർന്ന് ആരെങ്കിലും മരിച്ചിട്ടുണ്ടോ; സംസ്ഥാനത്ത് നിലവിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; | (ബി) ഒരാൾ മരണപ്പെട്ടു. 8 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത രോഗ ചികിത്സയ്ക്ക് ഫലപ്രദമായ മരുന്നുകൾ ലഭ്യമാണോ; രോഗനിർണ്ണയം വൈകാതിരിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? | (സി) ഫലപ്രദമായ മരുന്നുകൾ ലഭ്യമാണ്. സംശയാസ്പദമായ രോഗലക്ഷണങ്ങൾ വെച്ച് രോഗം സ്ഥിരീകരിക്കാൻ മണിപ്പാലിലെ വൈറോളജി ലാബിന്റെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. രോഗലക്ഷണങ്ങൾ നേരത്തെ തിരിച്ചറിയാൻ ആവശ്യമായ പരിശീലനം എല്ലാ വിഭാഗം ആരോഗ്യ പ്രവർത്തകർക്കും നൽകിയിട്ടുണ്ട്. ചെള്ള് കടിയേൽക്കാതിരിക്കാൻ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ വനത്തോട് ചേർന്ന് താമസിക്കുന്നവർക്കും കാട്ടിൽ പോകുന്നവർക്കും നൽകുന്നുണ്ട്. ഫോറസ്റ്റ്, ട്രൈബൽ വിഭാഗം ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ